# കേരള സർവകലാശാല

നം. പി.ആർ.064/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫല പുനപരിശോധന

ജനുവരിയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫല പുനപരിശോധനയ്ക്ക് മാർച്ച് 28 വരെ അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ ഓരോ പേപ്പറിന് 500/- നിരക്കിൽ രൂപ ഫീസ് അടച്ച് സി.എസ്.എസ് ഓഫീസിൽ എത്തിക്കണം.

## ബി.എ (ആന്വൽ സ്കീം) ടൈംടേബിൾ

ഏപ്രിൽ 12-ന് ആരംഭിക്കുന്ന ബി.എ (ആന്വൽ സ്കീം) പാർട്ട് മൂന്ന് മെയിനും സബ്സിഡിയറിയും പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എൽ, എൽ.എൽ.എം പരീക്ഷകൾ

ഏപ്രിലിൽ നടത്തുന്ന മൂന്നും നാലും ആറും സെമസ്റ്റർ എം.ബി.എൽ, മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷകൾക്ക് പിഴയില്ലാതെ മാർച്ച് 28, 50 രൂപ പിഴയോടെ ഏപ്രിൽ മൂന്ന്, 125 രൂപ പിഴയോടെ ഏപ്രിൽ അഞ്ച് വരെയും ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. 2004, 2009, 2010, 2011 എന്നീ അഡ്മിഷനുകളിലെ എൽ.എൽ.എം പരീക്ഷാർത്ഥികൾക്ക് അഡീഷണൽ മേഴ്സിചാൻസ് ഫീസടച്ച് മൂന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയ്ക്ക് അപേക്ഷിക്കാം.

## ബി.ടെക് ഫലം

2017 മേയിൽ നടത്തിയ രണ്ടും നാലും സെമസ്റ്റർ ബി.ടെക് പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ ലഭ്യമാക്കണം

ഏപ്രിലിൽ ആരംഭിയ്ക്കുന്ന ബി.എ (ആന്വൽ) അവസാന വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പ്രൈവറ്റ് വിദ്യാർത്ഥികളിൽ (2015 അഡ്മിഷൻ) ഇതുവരെ പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ ബന്ധപ്പെട്ട പരീക്ഷാ സെക്ഷനിൽ ഏൽപ്പിക്കാത്തവർ, പ്രസ്തുത മെമ്മോ, പരീക്ഷാ കേന്ദ്രം, രജിസ്റ്റർ നമ്പർ (ഹാൾടിക്കറ്റിൽ നൽകിയിട്ടുള്ളതനുസരിച്ച്) എന്നിവ വ്യക്തമായി രേഖപ്പെടുത്തി സർവകലാശാലയുടെ അതത് പരീക്ഷാ സെക്ഷനുകളിൽ എത്തിക്കണം. വീഴ്ച വരുത്തുന്നവർക്ക് ഹാൾടിക്കറ്റ് നൽകുന്നതല്ല.

## ബി.എസ്സി/ബി.സി.എ ടൈംടേബിൾ

വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 18-ന് ആരംഭിക്കുന്ന അവസാന വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ ഡിഗ്രി സപ്ലിമെന്ററി പഴയ സ്കീം (2013 അഡ്മിഷൻ മുൻപുള്ളത്) പുതിയ സ്കീം (2013 അഡ്മിഷൻ മുതലുള്ളത്) മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ പരീക്ഷ

വിദൂരവിദ്യാഭ്യാസവിഭാഗം ഏപ്രിൽ 25 മുതൽ നടത്തുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ രണ്ട്, 50 രൂപ പിഴയോടെ ഏപ്രിൽ അഞ്ച്, 125 രൂപ പിഴയോടെ ഏപ്രിൽ ഏഴ് വരെയും ഫീസ് അടച്ച് രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി.ഡി.സി.എ.എഫ്.സി ഫലം

വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2017 ഒക്ടോബറിൽ നടത്തിയ പി.ജി.ഡി.സി.എ. എഫ്.സി സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## എം.കോം ഫലം

വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2017 ജൂലൈയിൽ നടത്തിയ എം.കോം മേഴ്സി ചാൻസ് (2002 സ്കീം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭ്യമാണ്.

## ത്രിദിന ദേശീയ സെമിനാർ

"ഭാരതീയ ഭാഷാ സാങ്കേതിക വിദ്യ: അവസ്ഥയും സാധ്യതകളും" എന്ന വിഷയത്തിൽ ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ ടെക്നോളജി ആന്റ് റിസോഴ്സ് സെന്റർ ഫോർ മലയാളം സംഘടിപ്പിക്കുന്ന ത്രിദിന ദേശീയ സെമിനാർ ഇന്ന് (മാർച്ച് 21-ന്) ഭാഷാശാസ്ത്ര വകുപ്പ് സെമിനാർ ഹാളിൽ പ്ലാനിംഗ് ബോർഡ് മെമ്പറും സർവകലാശാല മുൻ വൈസ്ചാൻസലറുമായ ഡോ. ബി. ഇക്ബാൽ ഉദ്ഘാടനം ചെയ്യും. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല വൈസ്ചാൻസലർ പ്രൊഫ. അനിൽ വള്ളത്തോൾ മുഖ്യാതിഥിയാകുന്ന ചടങ്ങിൽ പ്രൊഫ. അച്യുത്ശങ്കർ. എസ്.നായർ മുഖ്യ പ്രഭാഷണം നടത്തും. മലയാളമുൾപ്പടെയുള്ള ഭാരതീയ ഭാഷകളുടെ സാങ്കേതികവത്ക്കരണവും സാധാരണക്കാരന് അവന്റെ അവകാശങ്ങൾ മാതൃഭാഷയിൽ ലഭിക്കുന്നതിനും ഐ.ടി അധിഷ്ഠിത സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആയിട്ട് രാജ്യത്ത് വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന ഭാഷാ ഗവേഷണ, നിർമ്മാണ പദ്ധതികളെ അവതരിപ്പിക്കുകയും തത് വിഷയത്തിലുള്ള സിദ്ധാന്തങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുമെന്ന് സെമിനാർ കോർഡിനേറ്റർ ഡോ. എസ്. എ ഷാനവാസ് അറിയിച്ചു.

തിരുവനന്തപുരം.
20.03.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

**(from mobile) 0471-2115054 and 0471-2115098**